**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3705** **27-06-2024 - ൽ മറുപടിയ്ക്ക്**

**ഗവി ടൂറിസ്റ്റ് പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യുടെ ഗവി ടൂറിസ്റ്റ് പാക്കേജിൽ ട്രക്കിങ്ങിനുള്ള ഫീസ് നിർബന്ധമായും ഉൾപ്പെടുത്തിയത് മൂലം പ്രാദേശിക വിനോദസഞ്ചാരികൾ കെ.എസ്.ആർ.ടി.സി.യുടെ പാക്കേജ് ഒഴിവാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തെ ഗണ്യമായി ബാധിക്കാൻ ഇടയുള്ള പ്രസ്തുത തീരുമാനം പുന:പരിശോധിക്കുമോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്.<br><br>ഗവി നിയന്ത്രിത വനമേഖലയിലേക്കുള്ള വിനോദ സഞ്ചാരത്തിന്റെ എല്ലാവിധ നിരക്കുകളും, പാക്കേജും നിശ്ചയിക്കുന്നത് കേരള വനം വികസന കോർപ്പറേഷൻ ലിമിറ്റഡ് ആണ്. ഭക്ഷണം - ട്രക്കിംഗ് ഉൾപ്പെടെയുള്ള ഗവി പാക്കേജിന്റെ നിരക്ക് വർദ്ധിപ്പിച്ച് 07.03.2024-ൽ അറിയിപ്പ് ലഭിച്ചിരുന്നു. ആയത് പുനഃപരിശോധിക്കുന്നതിന് കേരള വന വികസന കോർപ്പറേഷൻ ലിമിറ്റഡ് ന് കത്ത് നൽകിയെങ്കിലും നിരക്ക് വർധനയും, ട്രക്കിംഗും ഒഴിവാക്കുവാൻ സാധിക്കുകയില്ലായെന്ന അറിയിപ്പിനെ തുടർന്നാണ് കെ.എസ്.ആർ.ടി.സി. ടി വർദ്ധനവ് ഗവി പാക്കേജിൽ ഉൾപ്പെടുത്തുവാൻ നിർബന്ധിതരായത്. |
| (ബി) | പ്രസ്തുത പാക്കേജിൽ ട്രക്കിംഗ് ആവശ്യമില്ലാത്ത സഞ്ചാരികൾക്ക് ആയതിന്റെ ഫീസ് ഒഴിവാക്കി പാക്കേജിന്റെ സേവനം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) | പാക്കേജിൽ ട്രക്കിംഗ് ആവശ്യമില്ലാത്ത സഞ്ചാരികൾക്ക് ട്രക്കിംഗ് ഒഴിവാക്കുന്നതിനായി 29.05.2024-ൽ കേരള വനം വികസന കോർപ്പറേഷൻ ലിമിറ്റഡിന് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ